കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം ജില്ലാ കാര്യലയം
e-mail:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(ബിപി) 1554/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030

ഫോൺ 0484 2422271
email:doekm.ksad@kerala.gov.in
തീയതി .07.09.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ,
കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം : കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്പ് മെന്റ് കമ്മീഷണർ,എറണാകുളം
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)1554/2019 തീയതി. 07.09.2019

എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.01.2019 മുതൽ 06.08.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2019 മുതൽ 06.08.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | കെ ജി മിനിമോൾ,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.08.2019 മുതൽ 14.08.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | അജിതൻ ടി എൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ഷൈബി ഇ ഡി ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | പ്രവീൺ വി എൻ ,<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പ്രസിഡന്റ് | പേര് | കാലയളവ് |
|---|---|---|

| | | മുതൽ | വരെ |
|---|---|---|---|
| | ശ്രീമതി.റഷീദ സലീം | 01.04.2018 | 31.03.2019 |
| സെക്രട്ടറി | ശ്രീ.ലിജോമോൻ എസ് | 01.04.2018 | 31.3.2019 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.തങ്കച്ചൻ പി ജെ | 01.04.2018 | 31.03.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സുമി സി വൈ | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വാരപ്പെട്ടി | ഡോ.ബിനി ജോൺ | 01.04.2018 | 01.07.2018 |
| | ഡോ. സുധാകർ ബി | 02.07.2018 | 31.03.2019 |
| അസിസ്റ്റന്റ് കൃഷി ഡയറക്ടർ | ശ്രീമതി. ലിസ്സി ആന്റണി. കെ | 01.04.2018 | 31.03.2019 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.ബിന്ദു.എസ് | 01.04.2018 | 28.12.2017 |
| | ശ്രീമതി. റസീന റ്റി എ | 29.12.2018 | 31.03.2018 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സുപ്രിയ ദേവി എസ് ആർ | 01.04.2018 | 31.03.2019 |
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | ശ്രീമതി.മേരി പി ജെ | 01.04.2018 | 31.03.2019 |
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ (അഡീഷണൽ) | ശ്രീമതി. ശോശാമ്മ ടി.പി | 01.04.2018 | 31.05.2018 |
| | ശ്രീമതി. ഷീല പി.വി | 01.06.2018 | 03.07.2018 |
| | ശ്രീമതി.ജുമൈല ബീവി.ഡി | 04.07.2018 | 31.03.2019 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-10 |
| | ഭാഗം 2<br>വരവ് കണക്കുകളിൽ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനം കണ്ടം ചെയ്യുന്നത്-ലേല നടപടികൾ പൂർത്തിയായില്ല | 2-1 |

| | | |
|---|---|---|
| | ഭാഗം- 3<br>ചെലവ് കണക്കുകളിൽ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | പ്രിന്റിംഗ് ചാർജ്-ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല | 3-1 |
| 13 | സി ഡി പി ഒ നടപ്പാക്കിയ പദ്ധതികൾ-അപാകതകൾ | 3-2 |
| 14 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-3 |
| 15 | ഭൂതത്താൻകെട്ട് വയോജന പാർക്കും ടോയ് ലറ്റ് സമുച്ചയവും | 3-4 |
| 16 | വസ്തു നികുതി ഒഴിവുള്ള കൈമാറി കിട്ടിയ സ്ഥാപനത്തിന്റെ വസ്തുനികുതി അടവാക്കി | 3-5 |
| 17 | വാഹന വാടക അധികമായി നൽകി. ആദായനികുതി സ്രോതസ്സിൽ നിന്ന് ഈടാക്കിയില്ല. | 3-6 |
| 18 | മരുന്നുകൾ ലഭ്യമായിട്ടില്ല | 3-7 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 19 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 20 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 22 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 23 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 24 | ഓഡിറ്റ് റിക്കവറി | 4-6 |
| 25 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 26 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 30 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം.2 |
| 31 | ബാലൻസ് ഷീറ്റ് | അനുബന്ധം.3 |
| 32 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |
| 33 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.5 |


## ഭാഗം -1

## പൊതു അവലോകനം

### 1-1. ബജറ്റ്

2018-19 ലേക്കുള്ള ബജറ്റ് 23.2.2018 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 27.2.2019 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2019 | 16.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു, ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്..

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 07.08.2019 - 08.08.2019 | നം.കെ.എസ്.എ-ഇ.കെ.എം.(പി.ജി.) 1368(11)2019, തീയതി. 24.8.19 |

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യ പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 45453720.81 |
| വരവ് | 82196049.00 |
| ആകെ | 127649769.81 |
| ചെലവ് | 91600927.81 |
| നീക്കിയിരിപ്പ് | 36,048,842.91 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

.

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | | 67873000 | 67873000 | 51064116 | | 16808884 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | | 13185000 | 13185000 | 9386167 | | 3798833 |
| വികസന ഫണ്ട് (ടി. എസ്. പി) | | 4027000 | 4027000 | 3508706 | | 518294 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | - | - | - | - | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 8037000 | 8037000 | 4797284 | - | 3239716 |
| ജനറൽ പർപ്പസ് ഫണ്ട് | 3411651 | 1635770 | 5047421 | 445887 | 4601534 | |
| ഐ എ വൈ പ്ലാൻ | 28293571 | 2007296 | 30300867 | 9482242 | 20818625 | |
| റ്റി എസ് പി പ്ലാൻ | 8817505 | 2327130 | 11144635 | 2959755 | 8184880 | |
| പ്ലാൻ 13257 | 1411424 | 523732 | 1935156 | 241771 | 1693385 | |
| ഐ എ വൈ അഡ്മിൻ | 21790 | 47534 | 69324 | 27109 | 42215 | |
| ഐ ഡബ്ല ഡബ്ല പി | 4741 | 5227 | 9968 | 53 | 9915 | |
| റ്റി എസ് സി | 1686464 | 62748 | 1749212 | 732002 | 1017210 | |
| ഐ എ വൈ ലോൺ | 58621 | - | 58621 | - | 58621 | |
| പി എൻ ബി , എം കെ എസ് പി | 63 | 57841 | 57904 | 39384 | 18520 | |
| ട്രഷറി സ്പെഷ്യൽ റ്റി എസ് ബി | 1742165 | 1891080 | 3633245 | 3391299 | 241946 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 164 | 117988679 | 91 | 68759690 | 49 | 6 | 55.48 |

## 1-7 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.08.2019 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം പണമിടപാടുകൾ നടന്നിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.04.2018 മുതൽ 26.04.2018 വരെ | 2017-18 | 05.03.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.01.2014 മുതൽ 10.01.2014 വരെ | 2010-11മുതൽ 2012-13വരെ | 19.02.2014 |

## 1-9 ആഭ്യന്തരനിയന്ത്രണം

(1) കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ തനത് അക്കൗണ്ടായ സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് (നം.712081400000005) നിന്നും പണം പിൻവലിക്കുന്നതിനായി ചെക്കുകൾ നൽകുമ്പോൾ ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ സാംഖ്യയിൽ അക്കൗണ്ട് ചെയ്യാതെ 6 മാസത്തിൽ കൂടുതൽ സമയത്തിന് ശേഷമാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. അക്കൗണ്ട് ഓരോ മാസവും റീകൺസിലിയേഷൻ ചെയ്തിട്ടില്ല. ഇതുസംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നമ്പർ | ചെക്ക് നൽകിയ കാലയളവ് | ചെക്ക് സാംഖ്യയിൽ അക്കൗണ്ട് ചെയ്ത തീയതി |
|---|---|---|---|
| 1 | 2892901 മുതൽ 2893000 വരെ | 05.04.2018 മുതൽ 19.07.2018 | 11.03.2019, 12.03.2019 |
| 2 | 2354301 മുതൽ 2354337 വരെ | 26.07.2018 മുതൽ 28.09.2018 | 12.03.2019 |
| 3 | 2354370 മുതൽ 2354338 വരെ | 03.10.2018 മുതൽ 24.11.2018 | 11.03.2019 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ അദ്ധ്യായം-6 ൽ 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റേയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. അക്കൗണ്ടന്റ്, ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതും സെക്രട്ടറി പത്രിക സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

മുകളിൽ സൂചിപ്പിച്ച പ്രകാരം പണം പിൻവലിക്കുമ്പോൾ സാംഖ്യയിൽ അക്കൗണ്ട് ചെയ്യാൻ കാലതാമസം വന്നത് വളരേയെറെ ഗൗരവമായ കാര്യമാണ്. ഇത്തരത്തിലുള്ള അപാകതകൾ സംഭവിക്കാതിരിക്കാൻ സെക്രട്ടറി ഓരോ മാസത്തേയും റീകൺസിലിയേഷൻ സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-10 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. റസീപ്റ്റ്& പേമെന്റ് ഷെഡ്യൂൾ RP-34 ൽ Deposits Received എന്ന ഹെഡ്ഡിലെ തുകകൾ ബ്ലോക്ക് പഞ്ചായത്തിലെ രേഖകളുമായി പൊരുത്തപ്പെടുന്നില്ല. പണമായി ലഭിച്ചിട്ടുള്ള തുക മാത്രമാണ് അക്കൌണ്ട് ചെയ്തിട്ടുള്ളത്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 ചേർത്തിട്ടുള്ള ഈയിനത്തിലെ ബാദ്ധ്യതയും പണമായി ലഭിച്ച നിക്ഷേപത്തിന്റേത് മാത്രമാണ്. രജിസ്റ്റർ പരിശോധിച്ചതിൽ ഡിമാൻഡ് ഡ്രാഫ്റ്റ്, ചെക്ക് എന്നിവ മുഖേന ലഭിച്ച കരുതൽ നിക്ഷേപങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല .

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം വായ്പായിനത്തിൽ തിരിച്ചടക്കാൻ ബാക്കി നിൽക്കുന്ന തുക 77,60,000/-രൂപയാണ്. എന്നാൽ പഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരം 1,02,60,000/-രൂപയാണ് തിരിച്ചടക്കാൻ ബാക്കി നിൽക്കുന്നത്. വായ്പാ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 13.08.2019 ലെ 7ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഡി ഡി, സ്ഥിരനിക്ഷേപം എന്നിവയായി ലഭിക്കുന്ന ഇ എം ഡി പണമാക്കി ഓഫീസിൽ സൂക്ഷിക്കുന്നില്ലാത്തതിനാലും ഓരോ പ്രവൃത്തിയുടെയും firm period കഴിയുന്ന മുറയ്ക്ക് കക്ഷികൾക്ക് തന്നെ തിരികെ നൽകേണ്ടതിനാലുമാണ് ആയത് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താത്തത് എന്ന്

വിശദീകരിച്ചിട്ടുണ്ട്. ഡി. ഡി., ചെക്ക് എന്നിങ്ങനെ ഏത് വിധത്തിൽ ലഭിക്കുന്ന നിക്ഷേപവും ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

വായ്പ തിരിച്ചടവിനത്തിൽ 36,40,000/-രൂപ അടവാക്കിയതിൽ 25,00,000/-രൂപ പലിശയിനത്തിലാണ് ബാങ്ക് വരവ് വച്ചതെന്നും അടവാക്കിയ മുഴുവൻ തുകയും ആകെ വായ്പയിൽ നിന്നും കുറവ് ചെയ്ത തുകയാണ് വാർഷിക ധനകാര്യ പത്രിയിൽ ചേർത്തിട്ടുള്ളതെന്നും പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. വായ്പാതുകയിനത്തിലെ വ്യത്യാസം ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനം കണ്ടം ചെയ്യുന്നത്-ലേല നടപടികൾ പൂർത്തിയായില്ല

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനമായിരുന്ന KL 44 B 3143 മഹീന്ദ്ര ബൊലേറോ ജീപ്പ് 31.10.2017 ന് ഓടിക്കൊണ്ടിരിക്കെ തീ പിടിക്കുകയും ഉപയോഗശൂന്യമാകുകയും ചെയ്തിരുന്നതിനാൽ പ്രോജക്ട് നമ്പർ 07/2019 പ്രകാരം പുതിയ വാഹനം വാങ്ങിയിട്ടുണ്ട്. പഴയ വാഹനത്തിന്റെ സാൽവേജ് വാല്യൂ ആയ 40,000/- രൂപ ഈടാക്കുന്നതിന് കത്തിയ വാഹനം വിൽക്കുന്നതിനായി ചാലക്കുടി പി ഡബ്ളിയു ഡി മെക്കാനിക്കൽ എഞ്ചിനിയർ വാഹനം പരിശോധിച്ചതിൽ എൻജിൻ, പമ്പ്, ബാറ്ററി എന്നിവ നശിച്ച് പോയതിനാൽ 29,000/-രൂപ അടിസ്ഥാന വിലയായി നിശ്ചയിച്ച് ഇരുമ്പ് വിലക്ക് ലേലം ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സെക്രട്ടറി ഗ്രാമവികസന കമ്മീഷണർക്ക് 08.03.2019 ൽ ബി.3784/17 നമ്പർ കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പഴയ വാഹനം ലേലം ചെയ്തിട്ടില്ല. ലേല നടപടികൾ പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രിന്റിംഗ് ചാർജ്-ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | S0002/19,വാർഷിക പദ്ധതി രൂപീകരണവും മോണിറ്ററിംഗം |
| അടങ്കൽ | 1,50,000/- (വികസന ഫണ്ട്-സാധാരണം ) |
| ചെലവ് | 54,375/- |
| ബിൽ നമ്പർ/ തീയതി, തുക | 7/18-19 തീയതി 16.07.2018 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി അന്തിമ പദ്ധതിരേഖ, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ അച്ചടിച്ചതിന്

രൂപകല പ്രിന്റേഴ്സ്, കോതമംഗലം എന്ന സ്ഥാപനത്തിന് ആകെ 54375/-രൂപ താഴെപ്പറയും പ്രകാരം നൽകിയിട്ടുണ്ട്.

| | തുക |
|---|---|
| സ്റ്റാറ്റസ് റിപ്പോർട്ട് 205 പേജ് ( Inner 203 pages , Cover 2 pages)D/4 size 3 books | 27675/- |
| അന്തിമ പദ്ധതിരേഖ 54 പേജ് ( Inner 44 pages 1 colour Inner 6 pages Multi colour<br>Cover 4 pages Multi colour D/4 size 100 books | 26700/- |
| ആകെ | 54375/- |

അച്ചടി പ്രവൃത്തികൾക്ക് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഫയലിൽ ചേർത്തിട്ടില്ല. അച്ചടി പ്രവൃത്തികൾക്ക് നിരക്ക് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കുന്നതിനും ക്വട്ടേഷൻ ക്ഷണിക്കാതിരുന്നതിന് വിശദീകരണം നൽകുവാനും ആവശ്യപ്പെട്ട് നൽകിയ 13.08.2019 ലെ 3ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്വട്ടേഷൻ ക്ഷണിച്ചിരുന്നുവെന്നും ആയതിന്റെ ഫയൽ നിലവിൽ സെക്ഷനിൽ കാണുന്നില്ലായെന്നും ആയത് ലഭ്യമാക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ 54375/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 സി ഡി പി ഒ നടപ്പാക്കിയ പദ്ധതികൾ–അപാകതകൾ

സി ഡി പി ഒ നടപ്പാക്കിയ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, അങ്കണവാടി പൂരക പോഷകാഹാര പദ്ധതി എന്നീ പദ്ധതികൾക്കായി വിവിധ പഞ്ചായത്തുകൾക്ക് തുക കൈമാറിയതിൽ താഴെപ്പറയുന്ന തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

1.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| പ്രോജക്ട് നം | S025/19 |
| അടങ്കൽ | 9,00,000/- (വികസന ഫണ്ട്-സാധാ) |
| ചെലവ് | 9,00,000/- |
| ബിൽ നമ്പർ/ തീയതി | 1/18-19<br>09.08.18 |

6 പഞ്ചായത്തുകൾക്ക് പദ്ധതി നടത്തിപ്പാനായി തുക കൈമാറിയിട്ടുണ്ടെങ്കിലും താഴെപ്പറയുന്ന 3 പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| പഞ്ചായത്തിന്റെ പേര് | തുക |
|---|---|
| കവളങ്ങാട് | 2,25,000/- |
| കീരംപാറ | 1,00,000/- |
| പോത്താനിക്കാട് | 1,25,000/- |

2.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടി പൂരകപോഷകാഹാര പദ്ധതി |
| പ്രോജക്ട് നം | S026/19 |

| | |
|---|---|
| അടങ്കൽ | 5,00,000/- (വികസന ഫണ്ട്-സാധാ) |
| ചെലവ് | 5,00,000/- |
| ബിൽ നമ്പർ/തീയതി | 2/18-19, 09.08.18 |

തുക കൈപ്പറ്റിയ 6 പഞ്ചായത്തുകളിൽ താഴെപ്പറയുന്ന 3 പഞ്ചായത്തുകളിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| പഞ്ചായത്തിന്റെ പേര് | തുക |
|---|---|
| കവളങ്ങാട് | 1,00,000/- |
| കീരംപാറ | 75,000/- |
| പോത്താനിക്കാട് | 75,000/- |

കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 13.08.2019 ലെ 4ാം നമ്പർ എൽക്വയറിക്ക് മറുപടി ലഭ്യമായില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം, പേര് | ബിൽ നം, തീയതി | ചെലവഴിച്ച തുക | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 211/19 നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത് വാർഡ് 12ൽ അങ്കണവാടി നിർമ്മാണം | 55/18-19 19.03.19 | 5,00,000/- | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് |
| 2 | 212/19 നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് വാർഡ് 10ൽ അങ്കണവാടി നിർമ്മാണം | 56/18-19 19.03.19 | 748520/- | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് |
| 3 | 209/19 നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് വാർഡ് 11ൽ അങ്കണവാടി നിർമ്മാണം | 54/18-19 19.03.19 | 3,50,000/- | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് |
| 4 | 06/19 കവളങ്ങാട് ഗ്രാമപഞ്ചായത്ത് വാർഡ് 11ൽ അങ്കണവാടിക്ക് സ്ഥലം വാങ്ങൽ -ബ്ലോക്ക് വിഹിതം | 16/18-19 14.08.18 | 2,00,000/- | കവളങ്ങാട് ഗ്രാമപഞ്ചായത്ത് |
| 5 | 5/19 നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് വാർഡ് 11ൽ അങ്കണവാടി കെട്ടിട നിർമ്മാണം | 17/18-19 14.08.18 | 4,00,000/- | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് |
| 6 | 36/19 കോട്ടപ്പടി ഗ്രാമപഞ്ചായത്ത് | 3/18-19 25.06.2018 | 8,00,000/- | കോട്ടപ്പടി ഗ്രാമപഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | സാംസ്കാരിക നിലയത്തിന് സ്ഥലം വാങ്ങുന്നതിന് ബ്ലോക്ക് വിഹിതം | | | |
| 7 | 11/19<br>പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് അങ്കണവാടി കെട്ടിട നിർമ്മാണം | 10/18-19<br>16.07.18 | 5,00,000/- | പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് |
| 8 | 9/19<br>പിണ്ടിമന ഗ്രാമപഞ്ചായത്ത് വാർഡ് 13ൽ അങ്കണവാടി കെട്ടിട നിർമ്മാണം-ബ്ലോക്ക് വിഹിതം | 32/19<br>31.10.18 | 5,00,000/- | പിണ്ടിമന ഗ്രാമപഞ്ചായത്ത് |
| 9 | 8/19 വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്<br>വാർഡ് 6ൽ അങ്കണവാടി കെട്ടിട നിർമ്മാണം-ബ്ലോക്ക് വിഹിതം | 9/18-19<br>16.07.18 | 5,00,000/- | വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് |
| 10 | 164/19<br>തായ്മറ്റം കുടിവെള്ള പദ്ധതിക്ക് ത്രീ ഫെയ്സ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | 6/18-19<br>16.07.18 | 174901/- | അസിസ്റ്റന്റ് എഞ്ചിനിയർ, കെ എസ് ഇ ബി, പോത്താനിക്കാട് |
| 11 | 33/19<br>ലൈഫ് പി എം എ വൈ – എസ് സി | 62/18-19<br>25.03.2019<br>38/18-19<br>26.11.2018 | 5,00,050/-<br>25,75,950/- | കോട്ടപ്പടി ഗ്രാമപഞ്ചായത്ത് 198150/-<br>പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് 713340/-<br>നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് 673710/-<br>പിണ്ടിമന ഗ്രാമപഞ്ചായത്ത് 138705/-<br>കവളങ്ങാട് ഗ്രാമപഞ്ചായത്ത് 99075/-<br>വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് 178335/-<br>കീരംപാറ ഗ്രാമപഞ്ചായത്ത് 158520/-<br>പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് 39630/-<br>പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് 39630/-<br>കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് 2912805/- |
| 12 | 23/19 ലൈഫ് പി എം എ വൈ<br>2018-19 | 11/18-19<br>17.07.2018 | 1,19,70,000/- | കോട്ടപ്പടി ഗ്രാമപഞ്ചായത്ത് 661500/-<br>പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് 378000/-<br>നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് 3654000/-<br>പിണ്ടിമന ഗ്രാമപഞ്ചായത്ത് 1480500/-<br>കവളങ്ങാട് |

| | | | | |
|---|---|---|---|---|
| | | | | ഗ്രാമപഞ്ചായത്ത് 1921500/- വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് 850500/- കീരംപാറ ഗ്രാമപഞ്ചായത്ത് 976500/- പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് 409500/- പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് 535500/- കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് 1102500/- |
| | | ആകെ | 1,97,19,421/- | |

മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-4 ഭൂതത്താൻകെട്ട് വയോജന പാർക്കും ടോയ് ലറ്റ് സമുച്ചയവും

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഭൂതത്താൻകെട്ടിൽ വയോജന വിശ്രമ കേന്ദ്രം, വിനോദ സഞ്ചാര പാർക്ക് സ്ഥാപിക്കൽ -സ്നേഹതീരം |
| പ്രോജക്റ്റ് നം | S043/19 |
| അടങ്കൽ | 36,00,000/- (വികസന ഫണ്ട്-സാധാരണം ) |
| ചെലവ് | 36,00,000/- |
| ബിൽ നമ്പർ/ തീയതി | 8/18-19 തീയതി 16.07.2018 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്റ്റിൽ നിക്ഷേപ പ്രവൃത്തിയായി വയോജന വിശ്രമകേന്ദ്രവും വിനോദസഞ്ചാര പാർക്കും സ്ഥാപിക്കുന്നതിന് പെരിയാർവാലി ഇറിഗേഷൻ പ്രോജക്റ്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് 36,00,000/-(മുപ്പത്തിയാറ് ലക്ഷം രൂപ) കൈമാറിയിട്ടുണ്ട്. പെരിയാർവാലി ഇറിഗേഷൻ പ്രോജക്റ്റ് ഡിവിഷൻ നമ്പർ-1, പെരുമ്പാവൂർ എക്സിക്യൂട്ടീവ് എഞ്ചിനിയറും, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ഒപ്പ് വച്ചിരിക്കുന്ന കരാർ ഉടമ്പടിയിൽ നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണ ശേഷവും ഭൂമിയുടെ ഉടമസ്ഥാവകാശം ജലസേചന വകുപ്പിൽ തന്നെ നിക്ഷിപ്തമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.
നിർമ്മിക്കുന്ന വിശ്രമകേന്ദ്രം, ടോയ് ലറ്റ് സമുച്ചയം എന്നീ ആസ്തികളുടെ ഉടമസ്ഥാവകാശം ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുമോയെന്നാരാഞ്ഞ് നൽകിയ13.08.2019 ലെ 2ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്റ്റ് പ്രകാരമുള്ള ആസ്തികളുടെ ഉടമസ്ഥാവകാശവും തുടർനടത്തിപ്പും പി വി ഐ പി യിൽ തന്നെ നിക്ഷിപ്തമായിരിക്കുന്നതാണെന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. പി വി ഐ പി പഞ്ചായത്തിന് കൈമാറിക്കിട്ടിയതോ പഞ്ചായത്തിന് ഏതെങ്കിലും തരത്തിൽ നിയന്ത്രണമുള്ളതോ ആയ സ്ഥാപനമല്ല. ഇത്തരം ഒരു സ്ഥാപനത്തിന് തുക കൈമാറിയതുകൊണ്ട് ഇതിന്റെ നിർമ്മാണത്തിലോ തുടർനടത്തിപ്പിലോ ഒന്നും തന്നെ പഞ്ചായത്തിന്റെ ഇടപെടൽ സാദ്ധ്യവുമല്ല. പി വി ഐ പി പോലെ ഒരു സ്ഥാപനത്തിന് ആസ്തി സൃഷ്ടിച്ച് നൽകിയതുകൊണ്ട് വയോജനക്ഷേമം ഉറപ്പ് വരുത്താൻ സാധിക്കുമെന്ന് കരുതാൻ കഴിയില്ല. സാമ്പത്തിക വർഷാവസാനം പദ്ധതി തുക ചെലവഴിച്ചു എന്നതല്ലാതെ ഈ പദ്ധതികൊണ്ട് പഞ്ചായത്തിന് പ്രത്യേകിച്ച് നേട്ടം ഒന്നും ഉണ്ടായിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-5 വസ്തു നികുതി ഒഴിവുള്ള കൈമാറി കിട്ടിയ സ്ഥാപനത്തിന്റെ വസ്തുനികുതി അടവാക്കി

മെഡിക്കൽ ഓഫീസർ, പല്ലാരിമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പേരിലുള്ള 8/95,96,97,98,99,100 എന്നീ നമ്പരിലുള്ള കെട്ടിടങ്ങൾക്ക് 2014-15 മുതൽ 2017-18 വർഷം വരെയുള്ള വസ്തുനികുതി കുടിശ്ശിക തുകയായ 3,612/- രൂപ അടവാക്കാൻ പല്ലാരിമംഗലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ 20.02.2018 ലെ A2-3278/11റവന്യൂ റിക്കവറി ഡിമാന്റ് നോട്ടീസ് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം മെഡിക്കൽ ഓഫീസർ, സി.എച്ച്.സി പ്രസ്തുത വസ്തുനികുതി തുക 28.02.2018ലെ നം.117010500014 മുതൽ 19 വരെയുള്ള രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ അടവാക്കുകയും ഈ ഇനത്തിൽ ചെലവായ തുക 2018-19 ലെ വൗച്ചർ നം. 188(1) മുതൽ 188(6) പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 10.05.2018 ലെ ടി.എസ്.ബി ചെക്ക് നം. 2892939 പ്രകാരം സി.എച്ച്.സിക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2018-19 വർഷത്തെ വസ്തുനികുതി തുകയായ 175/- രൂപ 13.03.2019ലെ രസീത് നം.118010104127 പ്രകാരം പല്ലാരിമംഗലം ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 ഉപവകുപ്പ് (1) ൽ (എച്ച്) പ്രകാരം ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വക കെട്ടിടങ്ങളും, സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങളെയും വസ്തുനികുതിയിൽ നിന്നും സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വസ്തുനികുതി ഇനത്തിൽ ആകെ 3,787/- രൂപ ഗ്രാമ പഞ്ചായത്തിൽ അടവാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 13.08.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 6 ന് മറുപടി ലഭിച്ചിട്ടില്ല. വസ്തുനികുതി ഇനത്തിൽ ഗ്രാമ പഞ്ചായത്തിൽ അടവാക്കിയ തുക തിരികെ ഈടാക്കി ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 വാഹന വാടക അധികമായി നൽകി, ആദായനികുതി സ്രോതസ്സിൽ നിന്ന് ഈടാക്കിയില്ല

(1) മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, നേര്യമംഗലം നടപ്പിലാക്കിയ പ്രോജക്ട് നം. 58/2019 സെക്കന്ററി പാലിയേറ്റീവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് താഴപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

(എ) പാലിയേറ്റീവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവന സന്ദർശനം നടത്തുന്നതിനായി വാഹനം ലഭിക്കുന്നതിനായി നേര്യമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസറുടെ 12.07.18 ലെ ക്വട്ടേഷൻ നോട്ടീസ് നം.243/18 പ്രകാരം വാഹന ഉടമകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. ഇതുപ്രകാരം ലഭിച്ച ക്വട്ടേഷനിൽ ശ്രീ. സച്ചു സാജു, കുരിയപ്പുറം, ഇരിങ്ങോൾ പി.ഒ, പെരുമ്പാവൂർ എന്ന വ്യക്തി ഒരു ദിവസത്തെ വാടക 1280/- രൂപയായിരുന്നു ക്വോട്ട് ചെയ്തിരുന്നത്. മെഡിക്കൽ ഓഫീസറുടെ 04.08.2018 ലെ ഓഫീസ് നടപടികൾ പ്രകാരം ടി ക്വട്ടേഷൻ അംഗീകാരം കൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓരോ ദിവസത്തെ യാത്രകൾക്ക് 1280/- രൂപ നൽകുന്നതിന് പകരം 1290/- രൂപ വീതമാണ് നൽകിയിട്ടുള്ളത് ഇതുപ്രകാരം ആകെ യാത്ര ചെയ്ത 94 ദിവസത്തിന് അധികമായി 940/- രൂപ നൽകിയിട്ടുണ്ട്.

(ബി) ഭവന സന്ദർശനം നടത്തുന്നതിനായി KL-40-E-8163 വാഹനം ഉപയോഗിച്ച വകയിൽ ശ്രീ. സച്ചു സാജു, കുരിയപ്പുറം, ഇരിങ്ങോൾ പി.ഒ, പെരുമ്പാവൂർ എന്ന വ്യക്തിക്ക് വാഹന വാടക ഇനത്തിൽ ആകെ 1,21,260/- രൂപ നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194C പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ വരുമാനം 1,00,000/- രൂപയിൽ കൂടുതൽ നൽകുന്ന കോൺട്രാക്ടുകളിൽ നിന്ന് 1% ആദായ നികുതി (വ്യക്തികളിൽ നിന്ന്) ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്. എന്നാൽ അപ്രകാരം നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ബിൽ നം./തീയതി | നൽകിയ തുക |
|---|---|
| 4/18-19, 30.10.2018 | 24,510 |
| 7/18-19, 26.12.2018 | 21,930 |
| 9/18-19, 04.02.2019 | 15,480 |
| 11/18-19, 14.02.2019 | 18,060 |
| 13/18-19, 14.03.2019 | 20,640 |
| 16/18-19, 21.03.2019 | 20,640 |
| ആകെ | 1,21,260/- |

ആയതിനാൽ 1,21,260/- രൂപയുടെ 1% തുകയായ 1,213/- രൂപ ആദായനികുതിയായി ഈടാക്കി ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിൽ അടവാക്കേണ്ടതായിരുന്നു. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾക്ക് വിശദീകരം ലഭ്യമാക്കുന്നതിനായി 13.08.2019 ൽ നൽകിയ എൻക്വയറി നം.8 ന് മറുപടി ലഭിച്ചിട്ടുണ്ട്

ഇതുപ്രകാരം തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

(2) മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ, വാരപ്പെട്ടി പ്രോജക്ട് നം. 53/2019 സെക്കന്ററി പാലിയേറ്റീവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് KL-7BH-1131 വാഹനം ഉപയോഗിച്ച വകയിൽ ശ്രീ. സച്ചു സാജു, കുരിയപ്പുറം, ഇരിങ്ങോൾ പി.ഒ, പെരുമ്പാവൂർ എന്ന വ്യക്തിക്ക് വാഹന വാടക ഇനത്തിൽ ആകെ 1,49,350/- രൂപ നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194C പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ വരുമാനം 1,00,000/- രൂപയിൽ കൂടുതൽ നൽകുന്ന കോൺട്രാക്റ്റുകളിൽ നിന്ന് 1% ആദായ നികുതി (വ്യക്തികളിൽ നിന്ന്) ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്. എന്നാൽ അപ്രകാരം നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ബിൽ നം./തീയതി | നൽകിയ തുക |
|---|---|
| 4/18-19, 10.10.2018 | 37,700 |
| 11/18-19, 24.12.2018 | 20,300 |
| 13/18-19, 13.12.2018 | 58,000 |
| 15/18-19, 11.03.2019 | 33,350 |
| ആകെ | 1,49,350/- |

ആയതിനാൽ 1,49,350/- രൂപയുടെ 1% തുകയായ 1,494/- രൂപ ആദായനികുതിയായി ഈടാക്കി ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിൽ അടയ്ക്കാത്തതിന്റെ കാരണം വിശദമാക്കുന്നതിനായി 13.08.2019 ൽ നൽകിയ എൻക്വയറി നം.9 ന് മറുപടി ലഭിച്ചിട്ടില്ല. ആദായനികുതി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(3) മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ, പല്ലാരിമംഗലം പ്രോജക്ട് നം. 55/2019 സെക്കന്ററി പാലിയേറ്റീവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് KL-05-6066 വാഹനം ഉപയോഗിച്ച വകയിൽ ശ്രീ. സിയാദ് പി.എം, പുത്തൻപുരയിൽ, അടിവാട്, പല്ലാരിമംഗലം പി.ഒ, കോതമംഗലം എന്ന വ്യക്തിക്ക് വാഹന വാടക ഇനത്തിൽ ആകെ 1,42,780/- രൂപ നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194C പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ വരുമാനം 1,00,000/- രൂപയിൽ കൂടുതൽ നൽകുന്ന കോൺട്രാക്റ്റുകളിൽ നിന്ന് 1% ആദായ നികുതി (വ്യക്തികളിൽ നിന്ന്) ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്. എന്നാൽ അപ്രകാരം നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ബിൽ നം./തീയതി | നൽകിയ തുക |
|---|---|
| 11/18-19, 26.02.2019 | 1,05,020/- |
| 14/18-19, 21.03.2019 | 37,760/- |
| ആകെ | 1,42,780/- |

ആയതിനാൽ 1,42,780/- രൂപയുടെ 1% തുകയായ 1,428/- രൂപ ആദായനികുതിയായി ഈടാക്കി ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിൽ അടയ്ക്കാത്തതിന്റെ കാരണം വിശദമാക്കുന്നതിനായി 13.08.2019 ൽ നൽകിയ എൻക്വയറി നം.10 ന് മറുപടി ലഭിച്ചിട്ടില്ല. ആദായനികുതി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | 49/18-19 |
| അടങ്കൽ | 5,00,000/- |
| ചെലവ് | 5,00,000/- |
| ബിൽ നം. | 7/18-19-24.11.2018,<br>9/18-19-24.12.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ, വാരപ്പെട്ടി |

മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, വാരപ്പെട്ടി പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്ന് വാങ്ങുന്നതുനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, തൈക്കാട്, തിരുവനന്തപുരത്തിന് പ്രഫോർമ ഇൻവോയിസ് നം. പി.ആർ.എഫ് 1884 തീയതി 24.10.2018 പ്രകാരം 24.11.2018 ൽ 3,00,000/- രൂപയും പ്രഫോർമ ഇൻവോയിസ് നം. പി.ആർ.എഫ് 2099, 2725 തീയതി 24.11.2018 പ്രകാരം 17.12.2018ൽ 2,00,000/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് മരുന്നുകൾ ലഭ്യമായിട്ടില്ല, മരുന്ന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുകയും പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| കോട്ടപ്പടി ഗ്രാമപഞ്ചായത്ത് | 8323 | 17/19 പി എം എ വൈ ഭവന നിർമ്മാണം | 8323 | 0 |
| കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് | 70000 | 17/19 പി എം എ വൈ ഭവന നിർമ്മാണം | 70000 | 0 |
| പിണ്ടിമന ഗ്രാമപഞ്ചായത്ത് | 18000 | 17/19 പി എം എ വൈ ഭവന നിർമ്മാണം | 18000 | 0 |
| | 200000 | 23/19 പി എം എ വൈ ഭവന നിർമ്മാണം | 200000 | 0 |
| നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് | 81000 | 17/19 പി എം എ വൈ ഭവന നിർമ്മാണം | 81000 | 0 |
| | 70000 | 33/19 പി എം എ വൈ ഭവന നിർമ്മാണം | 70000 | 0 |
| | 204000 | 23/19 പി എം എ വൈ ഭവന നിർമ്മാണം | 204000 | 0 |
| കീരംപാറ ഗ്രാമപഞ്ചായത്ത് | 500000 | 17/19 പി എം എ വൈ ഭവന നിർമ്മാണം | 500000 | 0 |
| | 163747 | 19/19 പി എം എ വൈ ഭവന നിർമ്മാണം | 163747 | 0 |
| | 180000 | 23/19 പി എം എ വൈ ഭവന നിർമ്മാണം | 180000 | 0 |
| കോട്ടപ്പടി ഗ്രാമപഞ്ചായത്ത് | 85333 | 19/19 പി എം എ വൈ ഭവന നിർമ്മാണം | 85333 | 0 |
| പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് | 139000 | 17/19 പി എം എ വൈ ഭവന നിർമ്മാണം | 139000 | 0 |
| വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് | 150000 | 17/19 പി എം എ വൈ ഭവന നിർമ്മാണം | 150000 | 0 |
| കവളങ്ങാട് ഗ്രാമപഞ്ചായത്ത് | 100000 | 23/19 പി എം എ വൈ ഭവന നിർമ്മാണം | 100000 | 0 |
| | 1969403 | | | |

പലിശയിനത്തിൽ ലഭ്യമായ 1928973/- രൂപ AFS ൽ RP-31 ൽ ഈയിനത്തിലെ വരവായാണ് ചേർത്തിരിക്കുന്നത്

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മരാമത്ത് പ്രവൃത്തികൾക്ക് 2018-19വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ - ഭവന പദ്ധതി | GO(MS) No. 90/13/lsgd തീ.14/3/2013 | 1,14,00,000 | 10260000 | - | - | 10260000 |

തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക സംബന്ധിച്ച് പഞ്ചായത്ത് ഹാജരാക്കിയ രേഖകൾ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിരിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല. ഇത് പൊരുത്തപ്പെടുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ 77,60,000/- രൂപയാണ് തിരിച്ചടക്കാൻ ബാക്കിയുള്ളത്. പഞ്ചായത്ത് അടവാക്കിയ തുക പലിശയിനത്തിലും പഞ്ചായത്തിലെ കണക്കുകളിൽ മുതലിലേക്കും വരവ് വെച്ചതിനാലാണ് വ്യത്യാസം വന്നതെന്ന് വിശദീകരിക്കപ്പെട്ടു. ഇക്കാര്യത്തിൽ കൂടുതൽ കൃത്യത വരുത്തേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം തൻവർഷത്തിൽ ലഭിച്ച 120802/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2008-09 | 3-4 | 59957 | ഷാജി മാത്യു, | 118010100018 |

| | | | | |
|---|---|---|---|---|
| | | | ജോയിന്റ് ബി ഡി ഒ (റിട്ടയേർഡ്) | തീയതി. 28.06.18 |
| 2016-17 | 3-3 | 12624 | മനു പോൾ, കരാറുകാരൻ | KL004549471201920M തീയതി. 10.07.18 |
| 2017-18 | 3-3 | 48221 | ഷെരീഫ് കെ എ, കരാറുകാരൻ | ലഭ്യമല്ല . തീയതി. 30.03.2019 |
| ആകെ | | 120802/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2000-01, 2001-02 | 20 | 2004-05 | 7.II.1.1 | പദ്ധതി നിർവ്വഹണ ചെലവ് -അധികം ചെലവാക്കിയത് | തീർപ്പാക്കിയിട്ടില്ല |

## 4-8 ചാർജ്- സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ്/സർചാർജ് ഇനത്തിൽ തുകയൊന്നും അടവില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82196049 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 91600927 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4727 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 54375 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-5 | | 3787 | ശ്രീ ലിജുമോൻ എസ് , സെക്രട്ടറി |
| 3-6(1) | - | 940 | ഡോ.ലൂസിന ജോസഫ്, മെഡിക്കൽ ഓഫീസർ, നേര്യമംഗലം |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 54375 | ശ്രീ ലിജുമോൻ എസ് , സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6(1)b | 1213 | ഡോ.ലൂസിന ജോസഫ്, മെഡിക്കൽ ഓഫീസർ, നേര്യമംഗലം |
| 3-6(2) | 1494 | ഡോ. സുധാകർ ബി., മെഡിക്കൽ ഓഫീസർ,വാരപ്പെട്ടി |
| 3-6(3) | 1428 | ഡോ. ആഷിഷ് ബി., മെഡിക്കൽ ഓഫീസർ, പല്ലാരിമംഗലം |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ലിജുമോൻ എസ് , സെക്രട്ടറി | ലഭ്യമാക്കിയില്ല | വാഴവിള, പുത്തൻവീട് ഹൗസ്, ആലഞ്ചേരി, എരൂർ, കൊല്ലം |
| ഡോ.ലൂസിന ജോസഫ്, മെഡിക്കൽ ഓഫീസർ, നേര്യമംഗലം | ലഭ്യമാക്കിയില്ല | തലേക്കാട്ട് ഹൗസ്, പാടി പി.ഒ., കോടാലി, തൃശ്ശൂർ |
| ഡോ. സുധാകർ ബി., മെഡിക്കൽ ഓഫീസർ,വാരപ്പെട്ടി | ലഭ്യമാക്കിയില്ല | നന്ദനം, ഏഴല്ലൂർ പി.ഒ., തൊടുപുഴ |
| ഡോ. ആഷിഷ് ബി., മെഡിക്കൽ ഓഫീസർ, പല്ലാരിമംഗലം | ലഭ്യമാക്കിയില്ല | നടയിൽ കിഴക്കേതിൽ, പനയിൽ പി.ഒ., നൂറനാട്, ആലപ്പുഴ 690504 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 മുതൽ 2004-05 വരെ | എൽ.എഫ്.ഇ.(സി.1)2134/11(അദാലത്ത് റപ്പോർട്ട്), 23-11-2011 |
| 2008-09 | എൽ.എഫ്.ഇ.(സി.1)463/11,17-1-12 |
| 2009-10 | എൽ.എഫ്.ഇ.(ബി.പി.1)289/12,15-9-12 |
| 2010-11 | എൽ.എഫ്.ഇ.(ബി.പി.1)1979/13,27-11-13 |
| 2011-12 | |

| | |
|---|---|
| 2012-13 | എൽ.എഫ്.ഇ.(ബി.പി.1 )294/14,14-5-14 |
| 2013-14<br>14-15 | കെ.എസ്.എ.ഇ.കെ.എം(ബി.പി)1573/16,4.10.16 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(ബി.പി)331/17, 27.3.17/6.5.17 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(ബി.പി)2214/17, 15.11..17 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(ബി.പി)290/19, 07.03.2019 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

## അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഇ.കെ.എം.(ബി.പി.) 1554/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271,
lfadekm@gmail.com

തീയതി: 07.09.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോതമംഗലം ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ

### അനുബന്ധം-2

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. റസീപ്റ്റ്& പേമെന്റ് ഷെഡ്യൂൾ RP-34 ൽ Deposits Received എന്ന ഹെഡ്ഡിലെ തുകകൾ ബ്ലോക്ക് പഞ്ചായത്തിലെ രേഖകളുമായി പൊരുത്തപ്പെടുന്നില്ല. പണമായി ലഭിച്ചിട്ടുള്ള തുക മാത്രമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 ചേർത്തിട്ടുള്ള ഈയിനത്തിലെ ബാദ്ധ്യതയും പണമായി ലഭിച്ച നിക്ഷേപത്തിന്റേത് മാത്രമാണ്. രജിസ്റ്റർ

പരിശോധിച്ചതിൽ ഡിമാൻഡ് ഡ്രാഫ്റ്റ് , ചെക്ക് എന്നിവ മുഖേന ലഭിച്ച കരുതൽ നിക്ഷേപങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല .

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം വായ്പായിനത്തിൽ തിരിച്ചടക്കാൻ ബാക്കി

നിൽക്കുന്ന തുക 77,60,000/-രൂപയാണ്. എന്നാൽ പഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരം 1,02,60,000/-രൂപയാണ് തിരിച്ചടക്കാൻ ബാക്കി നിൽക്കുന്നത്. വായ്പാ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ജോയിന്റ് ഡയറക്ടർ

ANNEXURE-I

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of KOTHAMANGALAM BLOCK PANCHAYATH in Ernakulam District for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, Rule 64 of the Kerala Kerala Panchayath Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayath Raj institutions, and the instructions vide G.O.(Rt) 1413/2018/ LSGD, Dated 22/05/2018.

In My opinion the Annual Financial Statement of KOTHAMANGALAM BLOCK PANCHAYATH for the year 2018-19 subject to observations in the Annexure II, properly presents the picture of income, expenditure and closing balance.

JOINT DIRECTOR

ANNEXURE ii

Defects Identified on verification of KOTHAMANGALAM BLOCK PANCHAYATH Annual Financial Statement for the Year 2018-2019

1. Amount shown as Deposits Received in the RP-34 schedule does not match with the books of accounts kept in the Panchayat. Deposits received in cash alone is taken into account. Liability recorded in the B-17 schedule in the Balance Sheet includes only the sum received as cash. On verification of the EMD register, it was found that the deposits received as Demand Drafts and Cheques are not taken into account.

2. As per the Balance Sheet schedule B-5, liability in respect of Loans is Rs.77,60,000/-. But the records made available by the Panchayat states that a repayment of loan amounting to Rs. 1,02,60,000/- is outstanding. Loan Register is not maintained in the Panchayat.

JOINT DIRECTOR

sj